# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജൂൺ 16

JUNE 16

2018

1193 മിഥുനം 2 ശനി

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

## ആരോഗ്യ ജാഗ്രത യോഗം

ആരോഗ്യ ജാഗ്രത ക്യാമ്പയിന്റെ ഭാഗമായി ഈ മാസം 19ന് പകൽ 11ന് വള്ളിക്കോട് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ യോഗം നടക്കും. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ബാർബർ ഷോപ്പ്, ബ്യൂട്ടി പാർലർ സ്ഥാപനങ്ങളുടെ ഉടമകളും ജീവനക്കാരും പങ്കെടുക്കണം.

(പിഎൻപി 1550/18)

## സെമിനാർ

ബാലവേല വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി ജില്ലാ ശിശുക്ഷേമ സമിതിയുടെ സമിതിയുടെ നേതൃത്വത്തിൽ 18ന് ഉച്ചയ്ക്ക് ശേഷം രണ്ടിന് പത്തനംതിട്ട ടൗൺഹാളിൽ സെമിനാർ നടത്തും. (പിഎൻപി 1551/18)

## ചങ്ങാതി പദ്ധതി ഇലന്തൂരിലും

സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാ പരിപാടി (ചങ്ങാതി) ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ സാക്ഷരതാ സമിതി യോഗമാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്. ഇലന്തൂർ പഞ്ചായത്തിലെ ഇതര സംസ്ഥാന തൊഴിലാളികളെ മലയാളം പഠിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പഠിതാക്കളെ കണ്ടെത്തുന്നതിന് സാക്ഷതാ മിഷൻ സർവെ നടത്തും. ജില്ലാ പഞ്ചാ

യത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, സ്ഥിരം സമിതി അധ്യക്ഷരായ കെ.ജി.അനിത, ലീലാ മോഹൻ, എലിസബത്ത് അബു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി.സത്യൻ, മൈലപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഗോപി, നഗരസഭാ കൗൺസിലർ ജാസിം കുട്ടി, സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി.മാത്യു, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറ്ടർ എം.കെ.ഗോപി, മീരാസാഹിബ്, അഫ്സൽ ആനപ്പാറ, രാജൻ പടിയറ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1552/18)

## പരാതിപരിഹാര അദാലത്ത് നടത്തി

സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കോന്നി താലൂക്കുതല പരാതിപരിഹാര അദാലത്ത് നടത്തി. കോന്നി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് പി.റ്റി.എബ്രഹാം അദാലത്ത് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി കളക്ടർ വി.ബി.ഷീല, കോന്നി തഹസീൽദാർ റ്റി.ജി.ഗോപകുമാർ, എൽആർ തഹസീൽദാർ വി.രാജു, സീനിയർ സൂപ്രണ്ട് മിനി, ഡെപ്യൂട്ടി തഹസീൽദാർ പി.തുളസീധരൻ നായർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ആകെ 44 പരാതികളാണ് അദാലത്തിൽ പരിഗണനയ്ക്കെത്തിയത്.

സർക്കാർ നിർദേശപ്രകാരം ജില്ലയിലെ എല്ലാ താലൂക്കുകളിലും ആറ് മാസത്തിലൊരിക്കൽ അദാലത്തുകൾ നടക്കുന്നുണ്ട്. കോന്നി താലൂക്കിലെ ഇത്തരത്തിലുള്ള രണ്ടാമത്തെ അദാലത്താണ് ഇന്നലെ നടന്നത്. 2017 ആഗസ്റ്റിൽ കോന്നി താലൂക്കിൽ നടന്ന അദാലത്തിൽ 110 പരാതികളാണ് ലഭിച്ചിരുന്നത്. ഇതിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ടവ ഒഴിച്ചുള്ള ഭൂരിഭാഗം പരാതികളിലും തീർപ്പ് കൽപ്പിച്ചിരുന്നു. ഇത്തരം പരാതികളുടെ എണ്ണം കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് ഏറെ കുറവാണ്. അദാലത്തുകൾ ആരംഭിച്ചതോടുകൂടി ജനങ്ങളുടെ പരാതികൾക്ക് വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നതാണ് പരാതികൾ കുറയാൻ കാരണമെന്ന് വിലയിരുത്തപ്പെടുന്നു. അദാലത്തുകളിലൂടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാരം വിലയിരുത്തുന്ന സംവിധാനം വന്നതോടെ ജനങ്ങളുടെ പരാതികൾക്ക് വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധിക്കുണ്ട്.

ചിറ്റാർ വില്ലേജിലെ സ്റ്റീഫൻ വാർദ്ധക്യപെൻഷൻ നിഷേധിച്ചതുമായി ബന്ധപ്പെട്ട പരാതിയുമായാണ് അദാലത്തിലെത്തിയത്. മെച്ചപ്പെട്ട ജീവിതസാഹചര്യം ഉണ്ടെന്ന വിഇഒയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് പെൻഷൻ നിഷേധിച്ചത്. നാല് സെന്റ് ഭൂമി മാത്രം സ്വന്തമായുള്ള താൻ പരിതാപകരമായ സാഹചര്യത്തിലാണ് ജീവിക്കുന്നതെന്നും വാർദ്ധക്യപെൻഷൻ അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്നും അഭ്യർഥിച്ചു. ഇദ്ദേഹത്തിന്റെ പരാതി അടിയന്തരമായി പരിശോധിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള പക്ഷം റിവ്യൂ നടത്തി പെൻഷൻ അനുവദിക്കുന്നതിന് നിർദേശം നൽകും.

വി-കോട്ടയം സ്വദേശിനിയായ വീട്ടമ്മയും കുടുംബവും ഭൂമിക്ക് കരം സ്വീകരിക്കാത്തത് സംബന്ധിച്ച പരാതിയുമാണ് അദാലത്തിലെത്തിയത്. തണ്ടപ്പേർ രജിസ്റ്റർ പ്രകാരം 15 സെന്റ് ഭൂമിയുള്ള ഇവർക്ക് ആധാരപ്രകാരവും കൈവശവും 10 സെന്റ് ഭൂമിയാണുള്ളത്. ഭൂമിയിൽ മുമ്പ് അവകാശമുണ്ടായിരുന്ന ആൾ അഞ്ച് സെന്റ് ഭൂമി സംബന്ധിച്ച് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ പോക്കുവരവ് മൊത്തമായി റദ്ദാക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നും തഹസീൽദാർക്ക് റിപ്പോർട്ട് നൽകിയിരുന്നു. 10 സെന്റ് ഭൂമി സംബന്ധിച്ച് തർക്കം നിലവിലില്ലാത്തതിനാൽ അടിയന്തരമായി കരം സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദേശം നൽകി.

ആകെ 44 പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്. ഇതിൽ 24 എണ്ണം മുൻപ് ലഭിച്ചവയും 20 എണ്ണം അദാലത്തിൽ ലഭിച്ചവയുമാണ്.പരാതികളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ചുവടെ.
റവന്യു–23, പഞ്ചായത്ത്– ഒമ്പത്, പോലീസ് – മൂന്ന്, ജില്ലാ പഞ്ചായത്ത്– മൂന്ന്, വനം– രണ്ട്, പൊതുമരാമത്ത് – ഒന്ന്, പട്ടികജാതി വകുപ്പ്– ഒന്ന്, വാട്ടർ അതോറിറ്റി–രണ്ട്.

(പിഎൻപി 1553/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) കോന്നി താലൂക്കുതല പരാതിപരിഹാര അദാലത്ത് എഡിഎം പി.റ്റി.എബ്രഹാം ഉദ്ഘാടനം ചെയ്യുന്നു.
2) കോന്നി താലൂക്കുതല പരാതിപരിഹാര അദാലത്തിൽ നിന്ന്




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂൺ 16<br>JUNE 16 | 2018 |
|---|---|

*1193 മിഥുനം 2 ശനി*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**കാലവർഷക്കെടുതി: 961 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ**

ജില്ലയിൽ കാലവർഷക്കെടുതിയിൽ 961 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു. തിരുവല്ല താലൂക്കിലെ ഒമ്പത് ദുരിതാശ്വാസ ക്യാമ്പുകളിലായാണ് ഇവരെ പാർപ്പിച്ചിട്ടുള്ളത്. തോട്ടപ്പുഴശേരി വില്ലേജിൽ 42 പേരും കുറ്റപ്പുഴയിൽ 60ഉം കോയിപ്രത്ത് 47ഉം നെടുമ്പ്രത്ത് 13ഉം പെരിങ്ങരയിൽ 171ഉം നിരണത്ത് 130ഉം കടപ്രയിൽ 498ഉം പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. ഇവർക്ക് ആവശ്യമുള്ള എല്ലാ സൗകര്യങ്ങളും ക്യാമ്പുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. തിരുവല്ല താലൂക്കിലെ കുറ്റൂർ, മല്ലപ്പള്ളി താലൂക്കിലെ പുറമറ്റം, കോഴഞ്ചേരി താലൂക്കിലെ കിടങ്ങന്നൂർ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 24 പേർ വീടുകളിലേക്ക് മടങ്ങി.

കാലവർഷക്കെടുതിയിൽ ജില്ലയിൽ ഇതുവരെ 2.58 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. 99.08 ഹെക്ടർ സ്ഥലത്താണ് കൃഷി നാശം ഉണ്ടായിട്ടുള്ളത്. 1442 കർഷകർക്ക് നഷ്ടമുണ്ടായിട്ടുണ്ട്. തിരുവല്ല, എഴുമറ്റൂർ, ആനിക്കാട്, കല്ലൂപ്പാറ, സീതത്തോട്, കവിയൂർ, കടമ്പനാട്, കുന്നന്താനം, മല്ലപ്പള്ളി, വെച്ചൂച്ചിറ, പ്രമാടം, നെടുമ്പ്രം, പുറമറ്റം, റാന്നി, നിരണം, വടശേരിക്കര, കടപ്ര, വള്ളിക്കോട്, ഏറത്ത്, ചെറുകോൽ, കുറ്റൂർ എന്നീ പഞ്ചായത്തുകളിലാണ് കൃഷിനാശമുണ്ടായിട്ടുള്ളത്. മറ്റ് സ്ഥലങ്ങളിലെ കൃഷിനാശത്തിന്റെ വിവരം ശേഖരിച്ചുവരുന്നു.

(പിഎൻപി 1554/18)

## പനി: 429 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (16) 429 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ മൂന്ന് പേരിൽ ഒരാൾക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. ഒരാൾക്ക് എലിപ്പനിയും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 67 പേർ ചികിത്സ തേടി. ഡങ്കിപ്പനി കടമ്മനിട്ടയിലും എലിപ്പനി കൂടലിലുമാണ് സ്ഥിരീകരിച്ചത്.

(പിഎൻപി 1555/18)

## ലൈസൻസ് മേള

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 19ന് രാവിലെ 10.30 മുതൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് മേള നടത്തും. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 1556/18)

## ജില്ലാതല വായനദിന വാരാഘോഷത്തിന് വിപുലമായ പരിപാടികൾ; ഉദ്ഘാടനം 19ന് തിരുവല്ലയിൽ

ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ശ്രീ.പി.എൻ.പണിക്കരുടെ അനുസ്മരണാർഥം ജൂൺ 19 വായന ദിനമായും 25 വരെ വായനാ വാരമായും ജില്ലയിൽ ആചരിക്കും. വായനാദിന വാരാഘോഷത്തിന്റെ ജില്ലാതല ഉദ്ഘാടനം 19ന് രാവിലെ 10ന് തിരുവല്ല എംജിഎം ഹയർ സെക്കൻഡറി സ്കൂളിൽ പടയണി ആചാര്യൻ പ്രൊഫ. കടമ്മനിട്ട വാസുദേവൻ പിള്ള നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ രംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ പ്രൊഫ. ജി. രാജശേഖരൻ നായരെയും ടി.എസ്. പൊന്നമ്മ ടീച്ചറെയും ചടങ്ങിൽ ആദരിക്കും. തിരുവല്ല നഗരസഭാ ചെയർമാൻ കെ.വി. വർഗീസ് വായനദിന പ്രതിജ്ഞ ചൊല്ലും.

സാഹിത്യകാരൻ രവിവർമ്മ തമ്പുരാൻ വായനദിന സന്ദേശം നൽകും. അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് പി.ടി. ഏബ്രഹാം, സാമൂഹിക പ്രവർത്തക ഡോ.എം.എസ്. സുനിൽ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. വാർഡ് കൗൺസിലർ എം.പി. ഗോപാലകൃഷ്ണൻ, ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ.ടി.കെ.ജി.നായർ, സെക്രട്ടറി ആർ. തുളസീധരൻ പിള്ള, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ എം.കെ. ഗോപി, എസ്എസ്എ ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ.ആർ. വിജയമോഹൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്. സാബിർഹുസൈൻ, സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി.മാത്യു, കാൻഫെഡ് ജില്ലാ പ്രസിഡന്റ് എസ്. അമീർജാൻ, ജില്ലാ ലൈബ്രറി കൗൺസിൽ അംഗം കെ.ആർ. സുശീല, എംജിഎം ഹയർസെക്കൻഡറി സ്കൂൾ പിടിഎ വൈസ് പ്രസിഡന്റ് പത്മകുമാർ, പ്രിൻസിപ്പൽ ഇൻ ചാർജ് റൂബി സി കുരുവിള, ഹെഡ്മിസ്ട്രസ് ജെസി എം. നൈനാൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി.മണിലാൽ തുടങ്ങിയവർ പ്രസംഗിക്കും. ചടങ്ങിൽ വിദ്യാർഥികൾ വായനാനുഭവം പങ്കുവയ്ക്കും. തുടർന്ന് പിആർഡിയുടെ സാഹിത്യ ഹ്രസ്വചിത്ര പ്രദർശനം നടക്കും.

വാരാഘോഷത്തിന്റെ ഭാഗമായി ജൂൺ 19ന് രാവിലെ 10ന് ജില്ലയിലെ എല്ലാ സ്കൂളുകളിലും കോളജുകളിലും മറ്റ് വിദ്യാലയങ്ങളിലും പ്രത്യേക അസംബ്ലി ചേർന്ന് വായനാദിന പ്രതിജ്ഞ എടുക്കും. വിദ്യാലയങ്ങളിൽ അക്ഷരമരം, കലാ മത്സരങ്ങൾ, വായനാനുഭവം പങ്കുവയ്ക്കൽ, കൈയെഴുത്ത് മാസിക തയാറാക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ പങ്കാളികളാക്കും. ഇതോടനുബന്ധിച്ച് ജില്ലയിലെ ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി ജില്ലാതല ക്വിസ് മത്സരവും യുപി, ഹൈസ്കൂൾ വിദ്യാർഥികൾക്കായി ജില്ലാതല ചിത്രരചന, ഉപന്യാസം, വായനാ മത്സരങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടത്തും. വിജയികൾക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകും. സമാപന സമ്മേളനം 25ന് രാ

വിലെ 10ന് കോന്നി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. ജില്ലാ ഭരണകൂടം, ജില്ലാ ലൈബ്രറി കൗൺസിൽ, വിവര –പൊതുജന സമ്പർക്ക, വിദ്യാഭ്യാസ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ, സാക്ഷരതാ മിഷൻ, കുടുംബശ്രീ, അക്ഷയ, കാൻഫെഡ്, നെഹ്റു യുവകേന്ദ്ര തുടങ്ങിയവയുടെ സഹകരണത്തോടെയാണ് വാരാചരണം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി രക്ഷാധികാരിയും ജില്ലാകളക്ടർ പി.ബി. നൂഹ് ചെയർമാനും ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ.ടി.കെ.ജി നായർ കൺവീനറുമായി സംഘാടക സമിതി രൂപീകരിച്ചു.

ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പി. അജന്താകുമാരിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന സംഘാടക സമിതി യോഗത്തിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ.ടി .കെ.ജി നായർ, സെക്രട്ടറി ആർ. തുളസീധരൻ പിള്ള, സാമൂഹിക പ്രവർത്തക ഡോ. എം.എസ്. സുനിൽ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ എം.കെ. ഗോപി, എസ്എസ്എ ജില്ലാ പ്രോജക്ട് മാനേജർ ഡോ.ആർ.വിജയമോഹൻ, ജില്ലാ സാക്ഷരതാമിഷൻ കോ–ഓർഡിനേറ്റർ ഡോ.വി.വി. മാത്യു, കാൻഫെഡ് ജില്ലാ പ്രസിഡന്റ് എസ്. അമീർജാൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി. മണിലാൽ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ കെ.പി.ശ്രീഷ്, ഐടി മിഷൻ കോ–ഓർഡിനേറ്റർ കെ.വി. ഉഷാകുമാരി, കെ.ആർ. സുശീല, എം.എസ്. ജോൺ, എസ്. മീരാസാഹിബ്, പി.ആർ.അനൂപ, ഗായത്രി കൃഷ്ണ തുടങ്ങിയവർ പങ്കെടുത്തു.

(പി എൻപി 1557/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്